കണ്ണനല്ലൂരിൽ പോലീസ് ഔട്ട് പോസ്റ്റ്

37 [5180] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം പഞ്ചായത്തിൽ കണ്ണനല്ലൂരിൽ ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

പ്രസ്തുത ആവശ്യം പരിശോധിച്ചുവരുന്നു.

പോലീസ് സ്റ്റേഷനുകളുടെ നവീകരണം

38 [5181] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനായി എത്ര രൂപ അനുവദിച്ചു;

(ബി) നവീകരണ പ്രക്രിയക്കായി പോലീസ് സ്റ്റേഷനുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുവരെ എത്ര പോലീസ് സ്റ്റേഷനുകളുടെ നവീകരണം പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സേനയുടെ നവീകരണത്തിനും പോലീസ് സ്റ്റേഷനുകളുടെ നവീകരണത്തിനുമായി 164.592 കോടി രൂപ അനുവദിക്കുകയുണ്ടായി.

(ബി) പോലീസ് സ്റ്റേഷന് പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങൾക്ക് എക്സ്റ്റൻഷൻ അനുവദിക്കുന്നതിനും സ്ഥലസൗകര്യങ്ങൾ മാത്രമേ നോക്കാറുള്ളൂ. സ്ഥലത്തിന്റെ ലഭ്യതയുള്ള എല്ലാ പോലീസ് സ്റ്റേഷനുകളും കെട്ടിടം നിർമ്മിക്കുന്നതിനായി പരിഗണിച്ചുവരുന്നു. പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തന മേഖല, പരിമിതി ഇവ അടിസ്ഥാനമാക്കി വാഹനങ്ങൾ, നവീന യന്ത്രോപകരണങ്ങൾ ഏർപ്പെടുത്തുക എന്നിവയും നവീകരണത്തിന്റെ ഭാഗമായി പരിഗണിക്കപ്പെടുന്നു.

(സി) സംസ്ഥാനത്ത് ഇതുവരെയായി 6 പോലീസ് സ്റ്റേഷനുകളുടെ നവീകരണം പൂർത്തിയാവുകയും 20-ഓളം പോലീസ് സ്റ്റേഷനുകളുടെ നവീകരണം അവസാന ഘട്ടത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly